➪ *അതിൽ ഒരു 'നന്മ' മാണിസാർ കണ്ടുകൂടെന്നില്ല* ➪

# എന്ററോബിയാസ് വെർമികുലാരിസ്

ആഗസ്റ്റ് പത്ത് ദേശീയ വിരവിമുക്ത ദിനമായതുകൊണ്ടാണോ, അതോ രാഷ്ട്രീയ കൃമികടിയുള്ളവർ സ്വയം തിരിച്ചറിയട്ടേ എന്നുകൂടി കരുതിയാണോ 'പല്ലില്ലാതെ കടിക്കുന്ന കൃമികൾ' എന്നൊരു ലേഖനം ദേശാഭിമാനി ദിനപത്രത്തിന്റെ അക്ഷരമുറ്റത്തിൽ പ്രസിദ്ധീകരിച്ചത്?

**എസ്. നാരായണൻ**

സ്വന്തം വീടിന്റെ ഉമ്മറത്തിരുന്ന് സ്വന്തം മുറ്റത്തേക്ക് തുപ്പിയാൽപ്പോലും മുറുമുറുപ്പും എതിർപ്പും ഉയരുന്ന കാലമാണ്. എതിർപ്പൊന്നും ഉയരാതിരിക്കാൻ വേണ്ടിയാണ് സ്വന്തം വീടിന്റെ അകത്തേക്ക് തന്നെ ഒന്നു തുപ്പിനോക്കിയത്. അത് എല്ലാവരും ചേർന്ന് വല്ലാത്തൊരു ഗുലുമാലാക്കിത്തീർത്തു. പത്രത്തിന്റെ എഡിറ്റോറിയൽ പേജും മുഖപ്രസംഗവുമൊക്കെ ഒരു വീടിന്റെ അകത്തളം പോലെയല്ലേ? അവിടെയെങ്കിലും അൽപ്പം സ്വൈര്യം ലഭിക്കുമെന്ന് കരുതി. എല്ലായിടത്തും എത്തിനോട്ടക്കാരുടെ കളിയാണ്. ഒന്നു മനസ്സുതുറക്കാൻ ഭൂമിയിൽ ഇടമില്ല.

കെ.എം. മാണിയും കേരള കോൺഗ്രസ്സും ഐക്യ ജനാധിപത്യ മുന്നണി വിട്ടപ്പോൾത്തന്നെ നമുക്ക് ചില കണക്കുകൂട്ടലുകൾ ഉണ്ടായിപ്പോയി എന്നതു നേരാണ്. അത് സ്വന്തം പാർട്ടി പത്രത്തിൽ മുഖപ്രസംഗമായി എഴുതി എന്നതും സത്യം തന്നെ. മുഖപ്രസംഗമാകുമ്പോൾ നമ്മളും നമ്മുടെ സഖാക്കളും മാത്രമേ കാണുകയുള്ളൂ എന്നായിരുന്നു ധാരണ. മുഖപ്രസംഗം കൊടുത്ത പേജിൽ തന്നെ അതിനോട് ചേർന്ന് പാർട്ടി സെക്രട്ടറി ഒരു ലേഖനവും എഴുതി. ഇതിനെപ്പറ്റി ഉയർന്നുവന്ന ചർച്ചകൾ കാരണം, എന്തിനു പറയുന്നു, സ്വാതന്ത്ര്യ ദിനമായ ആഗസ്റ്റ് പതിനഞ്ചിനേക്കാൾ പ്രസിദ്ധമായി മാറി മുഖപ്രസംഗം വന്ന ആഗസ്റ്റ് പന്ത്രണ്ട്.

'നേരറിയാൻ നേരത്തെ അറിയാൻ' എന്ന പത്രത്തിന്റെ പരസ്യവാചകം പോലെ തന്നെയാണ് പാർട്ടിയുടെ ലൈനും. നേരായ വഴിക്ക് മാത്രമേ പാർട്ടിയും പോകൂ. സത്യത്തിൽ മാണിസാറിന്റെ ഒരു വാചകത്തിലാണ് നമ്മൾ വീണുപോയത്. യു.ഡി.എഫ് വിട്ടുവന്ന മാണിസാർ പറഞ്ഞത് 'നന്മയുള്ളിടത്തേ കേരള കോൺഗ്രസ് നിൽക്കൂ' എന്നാണ്. ഒരു വിധ തർക്കത്തിനും ഇടയില്ലാത്ത നിലപാടാണത്. നന്മയുള്ളത് എൽ.ഡി.എഫിൽ ആണെന്നത് ഈ ഭൂമി മലയാളത്തിൽ ആരും സമ്മതിക്കുന്ന കാര്യവുമാണ്. അപ്പോൾ മാണിസാർ എവിടെ നിൽക്കണമെന്നതിലും തർക്കമില്ല. അതുകൊണ്ടും നമ്മുടെ വേവലാതി പക്ഷേ തീരുമോ? 'മാണിസാറിനെ പ്രകോപിപ്പിക്കാനില്ല' എന്നു പറഞ്ഞ് പ്രതിപക്ഷ നേതാവ്, മാണിസാറിന് തിരിച്ച് യു.ഡി.എഫിലേക്ക് ചേക്കാറാനുള്ള വഴിയൊരുക്കിയിരിക്കുകയാണ്. അതിൽ ഒരു 'നന്മ' മാണിസാർ കണ്ടുകൂടെന്നില്ല. മാണിസാറിനും മകനും കേന്ദ്ര മന്ത്രി സ്ഥാനം എന്ന 'നന്മ'യുമായി കേന്ദ്രം ഭരിക്കുന്ന മുന്നണി അദ്ദേഹത്തിന് പുറകേ കൂടിയിട്ടുണ്ട്. അതാണ് കൂടുതൽ നന്മ എന്നെങ്ങാൻ അദ്ദേഹ

ത്തിന് തോന്നിയാൽ...? നന്മയുടെ കാര്യമല്ലേ, അതിന് മാറാനും മറിയാനും അധികം സമയമൊന്നും വേണ്ട. അതുകൊണ്ടാണ് വളച്ചുകെട്ടൊന്നുമില്ലാതെ നമ്മുടെ നന്മ മുഖപ്രസംഗത്തിലൂടെയും സെക്രട്ടറിയുടെ ലേഖനത്തിലൂടെയും എത്രയും പെട്ടെന്ന് ഒരേ ദിവസം ഒരേ പേജിൽ വെളിപ്പെടുത്തിയത്.

നോട്ടെണ്ണുന്ന രണ്ട് മെഷീനുകൾ വച്ച് ബാർ ഉടമകളിൽ നിന്നും മാണിസാർ കോടികൾ അടിച്ചെടുത്തതുകൊണ്ടാണ് നിയമസഭയിൽ ബജറ്റ് അവതരണം നമ്മൾ താറുമാറാക്കിയത്. നമ്മുടെ സഖാവ് ശിവൻകുട്ടി നിയമസഭയുടെ മേശപ്പുറത്ത് കയറി ശിവതാണ്ഡവം നടത്തിയതും തോമസ് ഐസക് ഉന്തിലും തള്ളിലും പെട്ട് പഞ്ഞിച്ചാക്കുപോലെ മറിഞ്ഞുവീണതും ജമീല പ്രകാശം ശിവദാസൻ നായരെ നായ കടിക്കും പോലെ കടിച്ചതും ജനം മറന്നിട്ടില്ല എന്നത് ഒരു പ്രശ്നം തന്നെയാണ്. അതിനുവേണ്ടിയാണ് മുഖപ്രസംഗത്തിൽ ഇങ്ങനെ എഴുതിയത്. "....യു.ഡി.എഫ് ഭരണത്തിലെ ബാർക്കോഴ ഉൾപ്പെടെയുള്ള അഴിമതികളുടെ തുടർനടപടികളിൽ വിട്ടുവീഴ്ച ചെയ്യുന്ന സമീപനം എൽ.ഡി.എഫ് സർക്കാരിന് ഒരിക്കലും സ്വീകരിക്കാനാകില്ല..." ഇനിയിപ്പോൾ മാണിസാർ നമ്മുടെ കൂടെ വന്നാൽ ബാർ കോഴ അന്വേഷണത്തിൽ എന്തുചെയ്യും എന്നല്ലേ...? അതിനൊരു വഴി അന്ന് ഭഗവാൻ ശ്രീകൃഷ്ണൻ കാണിച്ചുതരും. ശോഭായാത്രയും തിടമ്പ് നൃത്തവുമൊക്കെ നടത്തിയതുകൊണ്ട് അദ്ദേഹവുമായുള്ള ആത്മീയ ബന്ധത്തിന്റെ അന്തർധാര ഇപ്പോൾ സജീവമാണ്. അവിടുന്ന് ആപത്ബാന്ധവനാണ്. പ്രതിസന്ധിഘട്ടം വന്നാൽ നമ്മളെ കൈവിടുന്നവനല്ല. ഫാസിസം വാപിളർത്തി നിൽക്കുമ്പോൾ നാലണയുടെ അഴിമതി നടത്തിയെന്നുപറഞ്ഞ് വിഘടിച്ചു നിൽക്കുന്നത് ജനങ്ങളോടും കാലത്തോടും ചെയ്യുന്ന വഞ്ചനയാണെന്നോ മറ്റോ പറയാൻ അപ്പോൾ ഗുരുവായൂരപ്പൻ തോന്നിപ്പിക്കാതിരിക്കില്ല.



മാണിസാറിനെതിരെ പറഞ്ഞതെല്ലാം വിഴുങ്ങി ചെന്നിത്തലയും കെ.പി.സി.സി തലയും അദ്ദേഹത്തെ തിരിച്ചുവിളിക്കുന്നുണ്ട്. ഒരു കാര്യത്തിലും നമ്മൾ യു.ഡി.എഫിനോട് തോൽക്കരുത്. അത് ജീർണ്ണതയുടെ കാര്യത്തിലായാലും അവസരവാദത്തിന്റെ കാര്യത്തിലായാലും. എഡിറ്റോറിയലിൽ ഇതെല്ലാം വ്യക്തമായിത്തന്നെ ജനങ്ങളോട് പറഞ്ഞിട്ടുണ്ട്. "ജനകീയ പ്രശ്നങ്ങളിൽ വിശാലമായ ഐക്യം കെട്ടിപ്പടുക്കുന്നതിന്റെ ഭാഗമായി കേരള കോൺഗ്രസുമായും ഇപ്പോൾ യു.ഡി.എഫിന്റെ ഭാഗമായി നിൽക്കുന്ന മറ്റ് കക്ഷികളുമായും സഹകരിക്കാവുന്ന ഒട്ടേറെ മേഖലകളുണ്ട്. ഇവിടെ വർഗ്ഗീയത ആരോപിച്ച് ആരെയെങ്കിലും തീണ്ടാപ്പാടകലെ നിർത്തുന്നതിൽ ന്യായീകരണമില്ല. കർഷക പാർട്ടി എന്ന് അഭിമാനിക്കുന്ന കേരള കോൺഗ്രസിന്റെ വിവിധ വിഭാഗങ്ങളുമായി എൽ.ഡി.എഫ് നേരത്തെ സഹകരിക്കുകയും ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ആദ്യ നായനാർ മന്ത്രിസഭയിൽ കെ.എം. മാണി തന്നെ മന്ത്രിയായിരുന്നു....യു.ഡി.എഫിനകത്തെ അന്തഃഛിദ്രം രൂക്ഷമായിക്കൊണ്ടിരിക്കെ, ജനകീയ അടിത്തറ ഇടതുപക്ഷത്തിന് അനുകൂലമായി വികസിപ്പിച്ചെടുക്കുക എന്നത് ശരിയായ രാഷ്ട്രീയ കടമയാണ്. നിയമസഭയിൽ നല്ല ഭൂരിപക്ഷമുള്ളതിനാൽ എൽ.ഡി.എഫ് ആ ചുമതലയിൽ നിന്നും വിട്ടുനിൽക്കണം എന്ന വാദത്തിൽ യുക്തിയില്ല. വർഗ്ഗീയതയും ജനവിരുദ്ധ നയങ്ങളും ശക്തിപ്പെടുന്ന കാലത്ത് ജനങ്ങളുടെ ഐക്യനിര സാദ്ധ്യമാകുന്നിടത്തോളം വിപുലമാക്കുകയാണ് ജനപക്ഷ രാഷ്ട്രീയത്തിന്റെ കടമ."

കൊത്താവുന്ന കൊളുത്തുകളൊക്കെ നമ്മൾ മുഖപ്രസംഗത്തിൽ ഇട്ടിട്ടുണ്ട്. ആത്മപരിശോധന, ശരിയായ രാഷ്ട്രീയം, രാഷ്ട്രീയ കടമ, ജനങ്ങളുടെ ഐക്യനിര, വിശാലമായ ഐക്യം, ശരിയായ രാഷ്ട്രീയപാത എന്നീ പ്രയോഗങ്ങളിലൊന്നും കൊത്തിയില്ലെങ്കിൽ 'ബാർക്കോഴ തുടരന്വേഷണം' എന്ന ഒരു ഭീ

ഷണി കൂടെ ഉൾപ്പെടുത്തിയിട്ടുണ്ട്. കിട്ടിയാൽ ഊട്ടി അല്ലെങ്കിൽ ചട്ടി.

നല്ലവരിൽ നല്ലവനായ, പാടത്ത് പണിയെടുത്താൽ വരമ്പത്തുതന്നെ കൂലികൊടുക്കണമെന്ന് നിർബന്ധമുള്ള നമ്മുടെ ചിരിക്കാനറിയുന്ന സെക്രട്ടറി (ചിരിക്കുന്നതല്ലെന്നും കാഴ്ചകൾ കണ്ണിൽ പതിയുമ്പോൾ വ്യക്തതക്കുവേണ്ടി കണ്ണുകൾ ഇറുക്കിപ്പിടിക്കുന്നതിന്റെ ഭാഗമായി മേൽച്ചുണ്ട് മുകളിലേക്ക് വലിഞ്ഞ് അദ്ദേഹം ചിരിക്കുന്നതായി ജനത്തിന് തോന്നുന്നതാണെന്നും കണ്ണടവയ്ക്കുമ്പോൾ ഈ പ്രശ്നമില്ലെന്നും പാർട്ടി ശത്രുക്കൾ പറഞ്ഞുനടക്കുന്നുണ്ട്) കുറേക്കൂടി വ്യക്തമാക്കി എഴുതുന്നു. “....ഇതെല്ലാം അടങ്ങുന്ന സാഹചര്യത്തിൽ വിപ്ലവത്തൊഴിലാളി വർഗ്ഗത്തിന് പരസ്പരപൂരകമായ രണ്ട് കടമകൾ നിറവേറ്റാനുണ്ട്. ഒരുവശത്ത് മാണി കേരള കോൺഗ്രസിന്റെ ദൗർബല്യവും രാഷ്ട്രീയ ചാഞ്ചാട്ടവും യു.ഡി.എഫ് ഭരണപങ്കാളി എന്ന നിലയിലെ അഴിമതിയും തുറന്നുകാട്ടുക. മറുവശത്ത് മോദി പ്രധാനമന്ത്രിയായതിനെ തുടർന്ന് ഇന്ത്യൻ സാമൂഹ്യ-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിൽ പ്രകടമായ ഹിന്ദുത്വ അഴിഞ്ഞാട്ടത്തിനെതിരെ ദേശവ്യാപകമായി വളർന്നുവരുന്ന ജനകീയ വികാരത്തെ വളർത്താനും കർഷകരുടേതടക്കം അവകാശങ്ങൾ നേടാനുള്ള പോരാട്ടത്തെ ശക്തിപ്പെടുത്താനും യു.ഡി.എഫിന്റെ തകർച്ചയ്ക്കുള്ള ചുവടുവയ്പ്പിനെ പ്രോത്സാഹിപ്പിക്കാനും കേരള കോൺഗ്രസിനെ പ്രേരിപ്പിക്കുക.”

ഒന്നും മനസ്സിലായില്ലേ? മറ്റൊരുതരത്തിൽ പറയാം. കേരള കോൺഗ്രസ് നമ്മുടെ കൂടെ ചേർന്നാൽ കേരള കോൺഗ്രസ് ദുർബലമല്ല, പ്രബലമാണ്. അവർ നടത്തുന്ന രാഷ്ട്രീയ ചാഞ്ചാട്ടമല്ല, രാഷ്ട്രീയ കടമയാണ്. അവർ നടത്തിയ അഴിമതി തുറന്നുകാട്ടേണ്ടതില്ല, അടച്ചുവയ്ക്കേണ്ടതാണ്. എൽ.ഡി.എഫിൽ ചേരുകയെന്ന ശരിയായ വഴി തെരഞ്ഞെടുത്താൽ കേരള കോൺഗ്രസ് മതത്തിന്റെ പേരിലുള്ള വർഗ്ഗീയ പാർട്ടിയല്ലെന്നും കർഷകരുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടുന്ന വിപ്ലവമൂല്യം വഹിക്കുന്ന പാർട്ടിയാണെന്നും നമ്മൾ സർട്ടിഫൈ ചെയ്യും.

കോഴിക്കച്ചവടക്കാർക്ക് നികുതി ഇളവ് ചെയ്തു കൊടുത്തത്തിന്റെ പേരിൽ സംസ്ഥാനത്തിന് 200 കോടി രൂപ നഷ്ടമുണ്ടാക്കിയതിന് വിജിലൻസ് മാണി സാറിനെതിരെ എഫ്.ഐ.ആർ ഇട്ടിരിക്കുകയാണ്. ആയുർവേദ മരുന്നു കമ്പനിക്കാർക്കും വൻകിട സ്വർണ്ണ മുതലാളിമാർക്കും വേണ്ടി ചെയ്ത കൃത്രിമങ്ങളുടെ കാര്യങ്ങൾ ഒരു ഭാഗത്ത് നിന്ന് അന്വേഷിച്ചുവരുന്നു. ബജറ്റ് വിൽക്കുന്നവനാണെന്ന് പണ്ടേ മാണി സാറിനെതിരെ ആരോപണമുണ്ട്. 50 കൊല്ലത്തോളം രാഷ്ട്രീയ പ്രവർത്തനം നടത്തിയിട്ടും 12 തവണ ബജറ്റ് അവതരിപ്പിച്ചിട്ടും ഈ സംസ്ഥാനം ഇപ്പോഴും ബാക്കിയുണ്ടല്ലോ. കർത്താവീശോമിശിഹ അദ്ദേഹത്തോടൊപ്പമുണ്ടെന്നതിന്റെ തെളിവല്ലേ അത്. ഇത്തരം കാര്യങ്ങളൊക്കെ കണ്ടില്ലാ കേട്ടില്ലാ എന്നു കരുതിയാൽ മതി. കൂടിവന്നാൽ കോഴിക്കാഷ്ടം, കർഷകർക്ക് വളമായി കൊടുത്ത വകയിലും എന്തെങ്കിലും കയ്യിട്ടുവാരി ജുബ്ബയുടെ പോക്കറ്റിലാക്കിക്കാണും. ആ നാറ്റവും നമുക്കങ്ങ് സഹിക്കാമെന്നേ...

മാണികോൺഗ്രസ് ഒരു കർഷകപാർട്ടിയാണെങ്കിലും ഒരു മതവുമായും അതിന് പുലബന്ധം പോലുമില്ലെങ്കിലും അപ്പനേയും മകനേയും തെറ്റിദ്ധരിപ്പിച്ച് കേന്ദ്രത്തിലെ എന്തെങ്കിലും നന്മകൾ കാണിച്ച് റാഞ്ചുമോ എന്നൊരു സംശയം സെക്രട്ടറി പ്രകടിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടാണ് അദ്ദേഹം ഒന്നു പേടിപ്പിക്കാനായി ലേഖനത്തിൽ ചുമ്മാ ഇങ്ങനെ എഴുതിപ്പോയത്. “സമദൂരം എന്നത് എൻ.ഡി.എയിലേക്ക് ചേക്കാറാനുള്ള സൂത്രവിദ്യയാണെങ്കിൽ അതിന് വാലുപോയ കുരങ്ങന്റെ ന്യായങ്ങളേക്കാൾ വലിയ പ്രസക്തിയൊന്നുമില്ല. സംഘപരിവാറിന്റെ ഘർവാപ്പസി മുഖ്യമായി ലക്ഷ്യമിടുന്നത് ക്രിസ്ത്യൻ

കേരള കോൺഗ്രസ് നമ്മുടെ കൂടെ ചേർന്നാൽ കേരള കോൺഗ്രസ് ദുർബലമല്ല, പ്രബലമാണ്. അവർ നടത്തുന്ന രാഷ്ട്രീയ ചാഞ്ചാട്ടമല്ല, രാഷ്ട്രീയ കടമയാണ്. അവർ നടത്തിയ അഴിമതി തുറന്നുകാട്ടേണ്ടതില്ല, അടച്ചുവയ്ക്കേണ്ടതാണ്. എൽ.ഡി.എഫിൽ ചേരുകയെന്ന ശരിയായ വഴി തെരഞ്ഞെടുത്താൽ കേരള കോൺഗ്രസ് മതത്തിന്റെ പേരിലുള്ള വർഗ്ഗീയ പാർട്ടിയല്ലെന്നും കർഷകരുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടുന്ന വിപ്ലവമൂല്യം വഹിക്കുന്ന പാർട്ടിയാണെന്നും നമ്മൾ സർട്ടിഫൈ ചെയ്യും.

മതവിഭാഗങ്ങളെയാണ്. പള്ളികത്തിക്കൽ, കന്യാസ്ത്രീ മാനഭംഗം, ആരാധനാലയത്തിലെ വീഞ്ഞുവിതരണത്തിനെതിരായുള്ള ഇണ്ടാസുകൾ, ജീവകാരുണ്യ പ്രവർത്തകരെ ചുട്ടുകൊല്ലൽ, ദളിത് ക്രൈസ്തവരെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്താൻ തയ്യാറാകാത്തത് ഇത്തരം സംഭവങ്ങളൊന്നും പഴങ്കഥകളല്ല. ഇതുമറന്ന് മണിയും കൂട്ടരും നിലപാടെടുത്താൽ അവർ ചെന്നെത്തുക മഹാവിപത്താണ്."

കേരള കോൺഗ്രസിനെ സ്വീകരിക്കാനുള്ള ആലോചനയുടെ പേരിൽ നമ്മളെ വിപത്തിലാക്കാൻ ഒട്ടേറെപ്പേർ ഇറങ്ങിപ്പുറപ്പെട്ടിട്ടുണ്ട്. നമ്മുടെ ഒപ്പം നിൽക്കുന്നവർക്കാണ് നമ്മളെ ഒട്ടും മനസ്സിലാകാത്തത്. നമ്മളെപ്പറ്റി കൂടുതൽ മനസ്സിലായിട്ടാകുമോ ഇങ്ങനെയൊക്കെപ്പറയുന്നത് എന്നാരുകണ്ടു! നമ്മുടെ കേരള കാസ്ട്രോയുടെ വകയായി മാണി അഴിമതി വീരനാണെന്നും ലീഗ് വർഗ്ഗീയ പാർട്ടിയാണെന്നും പ്രസ്താവന വന്നു. വെറുതെയല്ല നമ്മുടെ യുവശിങ്കം, പിതൃശൂന്യൻ ഫെയിം സ്വരാജ്സഖാവ് ഇമ്മാതിരി ആളുകൾക്കൊക്കെ ക്യാപ്പിറ്റൽ പണിഷ്മെന്റ് കൊടുക്കണമെന്ന് നേരത്തെത്തന്നെ പറഞ്ഞുവച്ചത്. ആളൊരു ന്യൂജനറേഷൻ കാരനാണ്. പരിചയമൊക്കെ വളരെക്കുറവാണ്. നമ്മുടെ ഘടകകക്ഷികളിലെ മുഖ്യപാർട്ടിയുടെ ജീവനുള്ള ഒരു പ്രവർത്തകനെ അദ്ദേഹം പ്രീഡിഗ്രിക്ക് പഠിക്കുമ്പോൾ യുവജനോത്സവത്തിൽ പങ്കെടുക്കാൻ തൃശൂരിലെത്തിയപ്പോഴാണ് ജീവിതത്തിൽ ആദ്യമായി കണ്ടത്. തോൾ രണ്ടും ഉയർത്തിപ്പിടിച്ച് നീട്ടിയും കുറുക്കിയും പ്രസംഗിക്കുന്ന നേതാവിനെ മിമിക്രി പിള്ളേര് അന്നവിടെ അവതരിപ്പിച്ചത് കണ്ടിട്ടായിരിക്കണം പയ്യൻ നമ്മുടെ മൂത്ത സഖാവിനെ പറ്റി അറിഞ്ഞിട്ടുണ്ടാവുക. അന്നേ തന്നെ ഇത്തരം ജനുസ്സുകൾക്ക് ക്യാപിറ്റൽ പണിഷ്മെന്റ് കൊടുക്കണമെന്ന് തീരുമാനിച്ചു കാണണം. ഒറ്റ ഘടകകക്ഷിയുടെ ഓഫീസിലും കയറാതെ സ്വന്തം സിംപ്ലൻ ഭാവം കൊണ്ടുമാത്രം എം.എൽ.എ ആയി എന്നാണ് ന്യൂജൻ സഖാവ് പറയുന്നത്. അല്ലെങ്കിലേ ചെക്കന്റെ നാവ് അൽപ്പം പിശകാണ്. തൃപ്പൂണിത്തുറയിൽ നിന്നും മന്ത്രിയെ തോൽപ്പിച്ചതിന്റെ അഹങ്കാരവുമായി നിയമസഭയിലെത്തിയ ചെക്കൽ എന്തൊക്കെ പുകിലുകളാണാവോ ഉണ്ടാക്കാൻ പോകുന്നത്? ഇങ്ങനെയൊരു വിത്ത് വളർന്നുവരുന്നതിൽ മുഖ്യമന്ത്രിക്കും കായികമന്ത്രിക്കുമൊക്കെ തലമുറ അന്യംനിന്ന് പോകുമെന്ന് പേടിവേണ്ട.

പാർട്ടിക്കകത്തു നിന്നും ഘടകകക്ഷികൾക്കകത്തുനിന്നും ഉയരുന്ന പുകിലുകൾ എങ്ങനെയെങ്കിലും അവസാനിപ്പിക്കാം. അവസാനിപ്പിക്കാനാകാത്തത് സാമൂഹ്യപ്രവർത്തകരെന്നും പരിസ്ഥിതിക്കാരെന്നും നിരീക്ഷകരെന്നും സോഷ്യൽമീഡിയക്കാരെന്നും ജനാധിപത്യവാദികളെന്നും മേനി നടിക്കുന്ന കൃമികീടങ്ങളെയാണ്. എല്ലാവരും കൂടെ ചാനൽ ചർച്ചയിലും ഫെയ്സ്ബുക്കിലും വാട്സപ്പിലും മാണിയെ ഇടതുപക്ഷം സ്വാഗതം ചെയ്തുവെന്ന് പറഞ്ഞ് കോലാഹലം സൃഷ്ടിക്കുകയാണ്. ഇവറ്റകൾ ഒറ്റയൊറ്റയായോ ചെറിയ ചെറിയ ഗ്രൂപ്പുകളായോ നിൽക്കുന്നതുകൊണ്ട് ഒറ്റയടിക്ക് അവസാനിപ്പിക്കാനുമാകില്ല. കൂലി വരമ്പത്ത് തീർക്കാനാവില്ല എന്നർത്ഥം. ഈ ശല്യം തീർക്കാൻവേണ്ടിക്കൂടിയാണ് സർക്കാർ തീരുമാനങ്ങൾ പുറത്തേക്ക് വിടില്ലെന്നും ആഴ്ചതോറുമുള്ള പത്രസമ്മേളനം ആവശ്യമില്ലെന്നും തീരുമാനിച്ചത്. അതുകൊണ്ടും ശല്യം തീരുകയൊന്നുമില്ല. എന്തെങ്കിലുമൊരു പ്രതിവിധിയെക്കുറിച്ച് ഗൗരവമായി ആലോചിക്കേണ്ടിയിരിക്കുന്നു.

ഇവരുടേത് ഒരുതരം കൃമികടിയാണ്. കൃമികടി മാറാൻ വേണ്ടി ദിവസേന ഇവർക്ക് എന്തെങ്കിലും കിട്ടിക്കൊണ്ടിരിക്കണം. ആദ്യം കായികമന്ത്രി ജയരാജൻ, ബോക്സിംഗ് താരം മുഹമ്മദാലി മരിച്ചപ്പോൾ, അദ്ദേഹം മലയാളിയാണെന്ന അർത്ഥത്തിൽ സംസാരിച്ചതിനെപ്പിടിച്ചായിരുന്നു വിമർശനം. വിശ്വപൗരനായ മുഹമ്മദാലി കേരളത്തിന് കൂടി അവകാശപ്പെട്ടതാണെന്ന് പറയുന്നതിൽ എന്താണ് തെറ്റ്? കണ്ണൂരിൽ ദലിത് സ്ത്രീകളോടൊപ്പം അവരുടെ കൈക്കുഞ്ഞിനെ പിടിച്ച് ജയിലിലടച്ചതിന്റെ പേരിലായിരുന്നു ദിവസങ്ങളോളം ചർച്ചകൾ. പാർട്ടി ഓഫീസിൽ കയറി വന്നാൽ വെറുതേവിടാനാകുമോ. കൈകാര്യം ചെയ്ത് പോലീസിൽ ഏൽപ്പിച്ചു. അവർ നേരെ ജയിലിൽ കൊണ്ടിട്ടു. കൈക്കുഞ്ഞുണ്ടെന്നുകരുതി നിയമത്തിന് വേറെ വഴിക്ക് പോകാൻ ആവുമോ. ആ സഹോദരിമാർ സ്ഥലത്തെ പൊതുശല്യക്കാരും കൊട്ടേഷൻകാരുമാണെന്നാണ് അവിടുത്തെ ഡി.വൈ.എഫ്.ഐ തമ്പുരാട്ടി പറയുന്നത്. (രാജഭരണം എന്നോ നഷ്ടപ്പെട്ടിട്ടും ഒരധികാരവുമില്ലാതെയായിട്ടും ഗൗരി അശ്വതിതിരുന്നാൾ തമ്പുരാട്ടി എന്നൊക്കെ വിളിക്കുന്നതിൽ എന്തർത്ഥം? ഭരണം നടത്തുന്ന നമ്മുടെ ആളുകളെ അങ്ങനെ വിശേഷിപ്പിക്കുന്നതിലാണ് ഔചിത്യമുള്ളത്. അതാകട്ടെ പുതിയ വ



ദേശാഭിമാനി

അക്ഷരമുറ്റം

e-mail: aksharamdbi@gmail.com

# പല്ലില്ലാതെ കടിക്കുന്ന കൃമികൾ

ജീവിതത്തിൽ ഒരിക്കലെങ്കിലും കൃമികടി അനുഭവിച്ചിട്ടില്ലാത്തവർ കുറവായിരിക്കും. 'തലവേദന' സൃഷ്ടിക്കുന്ന ആ 'ചെറുജീവി'യെക്കുറിച്ച് വായിക്കൂ. ദേശീയ വിരവിമുക്ത ദിനമാണ് ആഗസ്ത് 10.

ക്ലോസ് വാച്ച്

വിജയകുമാർ ബ്ലാത്തൂർ
vijayakumarblathur@gmail.com

ഒരു രോഗസൂചന ആയല്ല, ചിലരുടെ സ്വഭാവത്തെ കളിയാക്കാനായാണ് 'കൃമികടി' എന്ന വാക്ക് കൂടുതലായി ഉപയോഗിക്കുന്നത്. ഞെരിപിരികൊണ്ട് അസ്വസ്ഥത കാണിക്കുന്നവരെയും അനാവശ്യ തിരക്കും തിടുക്കവും പ്രകടിപ്പിക്കുന്നവരെയും കളിയാക്കാൻ വിശേഷപദമായി ഇത് ഉപയോഗിക്കും.

കൃമികടി എന്ന രോഗത്തിന് എന്ററോബിയാസിസ് എന്നാണ് പറയുക. എന്ററോബിയസ് വെർമികുലാരിസ് എന്ന പരാദവിരയാണ് ഇതിന് കാരണക്കാർ. പച്ച മലയാളത്തിൽ നമ്മൾ കൃമി എന്നും ഇംഗ്ലീഷിൽ Pin Worm എന്നു പറയുന്നതും ഇതേ കക്ഷിതന്നെ. ഒരു സെന്റീമീറ്ററിനടുത്തേ വലിപ്പമുള്ളൂവെങ്കിലും ഇവ ഉണ്ടാക്കുന്ന അസ്വസ്ഥത ചെറുതല്ല. പലരും സമ്മതിക്കാൻ തയ്യാറാവില്ലെങ്കിലും ജീവിതത്തിൽ ഒരിക്കലെങ്കിലും കൃമികടി അനുഭവിച്ചിട്ടില്ലാത്തവർ കുറവായിരിക്കും. കൃമിക്ക് പണ്ഡിത-പാമര-ധനിക-ദരിദ്ര ഭേദമില്ല. എല്ലാ ജീവിതാവസ്ഥകളിലുള്ളവരിലും ഇവരെ കാണാം. വ്യക്തി ശുചിത്വത്തിൽ ശ്രദ്ധിക്കുന്നവർക്ക് കൃമിപ്രശ്നം കുറവാണെന്നുമാത്രം.

ആരോഗ്യത്തിന് വലിയ തകരാറൊന്നും ഇവരെക്കൊണ്ട് സാധാരണ ഉണ്ടാകാറില്ല. നമ്മൾ തിന്ന ഭക്ഷണത്തിന്റെ പങ്ക് അടിച്ചുമാറ്റി തിന്ന് സുഖിച്ച് നമ്മുടെ കുടലിൽ കഴിയുന്നു. കൃമികടി ആണ് ഇവരെകൊണ്ടുള്ള പ്രധാന ബുദ്ധിമുട്ട്. രാത്രി പെൺകൃമികൾ മുട്ടയിടാൻ മലദ്വാര

ച്ച് ഇവ മലദ്വാരത്തിനടുത്തേക്ക് നീങ്ങും. രാത്രി കൃമികൾ അവിടെ 'ഞാനാദ്യം, ഞാനാദ്യം' എന്ന് തിടുക്കംകൂട്ടും. ഇഴഞ്ഞ് കളിക്കും. വീർത്ത് പൊട്ടാറായ രൂപത്തിൽ ശരീരം മുഴുവൻ നിറച്ച് വച്ചിട്ടുള്ള മുട്ട പുറത്തേക്ക് കളയാനുള്ള തത്രപ്പാടാണ് പിന്നെ.

കൃമികൾ സ്വയം ഞെങ്ങിയും പിളർന്നും മുട്ടകൾ മനുഷ്യരുടെ മലദ്വാരത്തിനുപുറത്തായി ഇട്ട് കൂട്ടും, മുട്ടയിടുന്നതോടെ പെൺകൃമി മരിക്കും (അപൂർവം ചിലവ മരിക്കാതെ ബാക്കിയാകുമെങ്കിലും). മലദ്വാരത്തിനടുത്തുള്ള ഈ സംഭവപരമ്പരയെയാണ് നാം കൃമികടിയെന്ന് വിളിക്കുന്നത്.

കൃമിക്ക് പല്ലുമില്ല, കടിക്കാൻ കഴിയുകയുമില്ല. മുട്ടയുടെ വളർച്ച പൂർണമാകാനും പുറംഭിത്തി ഉറക്കാനും വേണ്ടി വായുസമ്പർക്കത്തിനായാണ് കൃമി പുറത്തേക്ക് വരുന്നത്. ഈ പുറം വരവില്ലെങ്കിൽ ഇവ ഉള്ളിൽ സുഖവാസമിരുന്ന കാര്യംപോലും നമ്മൾ അറിയുകയേ ഇല്ല. ഈർപ്പമുള്ള സാഹചര്യങ്ങളിൽ ഈ മുട്ടകൾ മൂന്നാഴ്ച വരെ രോഗം പകർത്താൻ ക

Embryonated eggs ingested by human

Larvae hatch in small intesti...

Adults in lume... of cecum

Eggs on perianal folds. Larvae inside the eggs mature within 4 to 5 hours.

Gravid ♀ migrat... to perianal regio... at night to lay eg...

= Infective Stage

= Diagnostic Stage

ഴക്കം). മുഖ്യമന്ത്രിയുടെ നിയമോപദേശകനായി നമ്മുടെ സ്വന്തം ആളായ രാമോദരൻ വക്കീലിനെ വച്ചപ്പോൾ എല്ലാവരും കൂടി അതിന്റെ പിന്നാലെയായി. കള്ളന്മാർക്കും കരിഞ്ചന്തക്കാർക്കും ക്വാറി മാഫിയക്കാർക്കും ലോട്ടറി രാജാവ് സാന്തിയാഗോ മാർട്ടിനും വേണ്ടി കോടതിയിൽ ഹാജരാകുന്ന രാമോദരനെ സർക്കാർ ഫയലുകൾ ഏൽപ്പിക്കുന്നതിൽ ഒട്ടും യുക്തിയില്ലെന്നായി ആരോപണം. എത്രകാലം ഈ കൃമികളുടെ പല്ലില്ലാതെയുള്ള കടി സഹിക്കാൻപറ്റും? രായ്ക്കുരാമാനം നമ്മൾ രാമോദരനെ വേണ്ടെന്നുവച്ചു. രാമോദരൻ വക്കീലിന്റെ കവിഞ്ഞ ബുദ്ധി കള്ളനും ക്വാറി മാഫിയയ്ക്കും വേണ്ടി ഉപയോഗിക്കുന്നതിന്റെ അളവ് കുറച്ചുകൊണ്ടുവന്ന് സംസ്ഥാനത്തെ രക്ഷിക്കുക എന്ന യുക്തി പക്ഷെ ആർക്കും മനസ്സിലാകാതെ പോയി.

സാമ്പത്തിക ഉപദേഷ്ടാവായി പ്രൊഫ. ഗീതാഗോപിനാഥിനെ ആലോചിച്ചപ്പോഴേക്കും കൃമികളുടെ ശല്യം ഇരട്ടിച്ചു. മുതലാളിത്ത ലൈൻ ഉള്ളയാളാണെന്നും കോർപ്പറേറ്റുകളാണ് അവർക്ക് ഉണ്ണാനും ഉടുക്കാനും കൊടുക്കുന്നതെന്നുമാണ് ആരോപണം. (അറിയാൻ പാടില്ലാഞ്ഞിട്ട് ചോദിക്കുവാ, നമ്മൾ പിന്നെ എന്തുവാ ചെയ്യാൻ പോകുന്നെന്നാ ഇവന്മാരുടെയൊക്കെ വിചാരം....). ഗീതാഗോപിനാഥ് ഉപദേശിക്കാൻ വരുന്നതിനെക്കുറിച്ച് എന്താണ് അഭിപ്രായമെന്ന് ചാനലുകാർ വളഞ്ഞുവച്ച് നമ്മുടെ ധനമന്ത്രിയോട് ചോദിക്കുന്നത് ടി.വിയിൽ കാണിച്ചിരുന്നു. ടിയാൻ അതു കേട്ടതും അവിടെനിന്നും മാറിപ്പോയി. ഭ്ർർർ.... എന്നൊരു ശബ്ദം മാത്രം എല്ലാവരും കേട്ടു. അത് ധനത്തിന്റെ മൂലത്തിൽ നിന്നാണോ അതോ വേറെ എവിടെ നിന്നെങ്കിലും നിന്നാണോ വന്നതെന്ന് ഇപ്പോഴും ആർക്കും മനസ്സിലായിട്ടില്ല.

നമ്മുടെ മറ്റൊരു തമ്പുരാട്ടി കെ.എസ്.ആർ.ടി.സി ബസ്സിൽ യാത്ര ചെയ്യുമ്പോൾ അതിനകത്തുവച്ച് സീറ്റിനെച്ചൊല്ലി തർക്കമുണ്ടായി. വിവരം കിട്ടിയ നമ്മുടെ സഖാക്കൾ ബസ് തടഞ്ഞുനിർത്തി ആ കുടുംബത്തിന്റെ മേൽ നീതി നടപ്പാക്കി. അച്ഛനെ കൈകാര്യം ചെയ്യുന്നത് തടയാൻ ചെന്ന കുട്ടിയുടെ കഴുത്തിന് നമ്മുടെ ഒരു നേതാവ് കുത്തിപ്പിടിക്കുന്നത് വീഡിയോയിലൊക്കെ പെട്ടുപോയി. നമ്മുടെ പോലീസ് എന്നിട്ടും കേസെടുത്തത് കുടുംബത്തിനെതിരെയാണ്. പാടത്തെ കൂലി വരമ്പത്ത് എന്നത് ബസ്സിലെ കൂലി നിരത്തിൽ എന്നു മാറിപ്പോയി എന്നേയുള്ളൂ. അയാളാണെങ്കിൽ ഒരു കൂലിപ്പണിക്കാരനാണ്. അവഗണിച്ച് കളയാവുന്ന ഒരു നിസ്സാര സംഭവം. ഒരു കൂലിപ്പണിക്കാരന് കൂടിവന്നാൽ ഒന്നു ഭാര്യവീടുവരെ വല്ലപ്പോഴും യാത്ര ചെയ്യേണ്ടി വരും. അതും ഇരുന്നുപോകണമെന്ന് വാശിപിടിച്ചാൽ എന്തുചെയ്യും? സംസ്ഥാന ഭരണത്തിന്റെ എടുത്താൽ പൊങ്ങാത്ത ചുമതലകളുമായി തലങ്ങും വിലങ്ങും, രാത്രിയും പകലും യാത്ര ചെയ്യേണ്ടി വരുന്ന നമ്മുടെ തമ്പുരാട്ടികളെ കണ്ടാൽ ഒന്നെഴുന്നേറ്റ് കൊടുക്കാനുള്ള സാമാന്യമര്യാദ അയാൾ കാണിച്ചില്ല എന്നതാണ് സത്യത്തിൽ സംഭവിച്ചത്. മൂവാറ്റുപുഴ വച്ചുണ്ടായ പ്രശ്നത്തെപ്പറ്റി ഈ കൃമികൾ ഇപ്പോഴും ചർച്ചചെയ്ത് തീർന്നിട്ടില്ല. എല്ലാറ്റിലും രാഷ്ട്രീയം മാത്രം കാണുന്നതുകൊണ്ടാണ് ഈ ചർച്ചകൾ നിലയ്ക്കാതെ തുടരുന്നത്. ഇടയ്ക്കൊക്കെ അൽപ്പം ശാസ്ത്രവും വായിക്കണം. ദേ

ശാഭിമാനിയുടെ മുൻപേജും എഡിറ്റോറിയൽ പേജും മാത്രമല്ല, കുട്ടികൾക്ക് വേണ്ടി ഇറക്കുന്ന 'അക്ഷരമുറ്റ'വും വായിക്കണം. ആഗസ്റ്റ് പന്ത്രണ്ടിന്റെ മുഖപ്രസംഗം വരുന്നതിന് രണ്ട് ദിവസം മുമ്പ് തന്നെ ആഗസ്റ്റ് പത്തിന് അക്ഷരമുറ്റത്തിൽ 'പല്ലില്ലാതെ കടിക്കുന്ന കൃമികൾ' എന്നൊരു ലേഖനം കൊടുത്തിരുന്നു. ആഗസ്റ്റ് പത്ത് ദേശീയ വിരവിമുക്ത ദിനമായതുകൊണ്ട് മാത്രമല്ല, രാഷ്ട്രീയ കൃമികടിയുള്ളവർ സ്വയം തിരിച്ചറിയട്ടേ എന്നുകൂടി കരുതിയാണ് ആ ലേഖനം പ്രസിദ്ധീകരിച്ചത്. ലേഖനത്തിന്റെ തുടക്കം ശ്രദ്ധിച്ചാൽ അത് മനസ്സിലാകും.

"ഒരു രോഗസൂചന ആയല്ല, നമ്മുടെ സ്വഭാവത്തെ കളിയാക്കാനായാണ് 'കൃമികടി' എന്ന വാക്ക് കൂടുതലായി ഉപയോഗിക്കുന്നത്. ഞെരിപിരികൊണ്ട് അസ്വസ്ഥത കാണിക്കുന്നവരേയും അനാവശ്യ തിരക്കും തിടുക്കവും പ്രകടിപ്പിക്കുന്നവരേയും കളിയാക്കാൻ വിശേഷപദമായി ഇത് ഉപയോഗിക്കും. കൃമികടി എന്ന രോഗത്തിന് എന്ററോബിയാസിസ് എന്നാണ് പറയുക. എന്ററോബിയാസ് വെർമികുലാരിസ് എന്ന പരാദവിരയാണ് ഇതിന് കാരണക്കാർ. പച്ച മലയാളത്തിൽ നമ്മൾ കൃമി എന്നും ഇംഗ്ലീഷിൽ Pin Worm എന്നുപറയുന്നതും ഇതേ കക്ഷിതന്നെ. ഒരു സെന്റീമീറ്ററിനടുത്തേ വലിപ്പമുള്ളൂവെങ്കിലും ഇവയുണ്ടാക്കുന്ന അസ്വസ്ഥത ചെറുതല്ല. പലരും സമ്മതിക്കാൻ തയ്യാറാകില്ലെങ്കിലും ജീവിതത്തിൽ ഒരിക്കലെങ്കിലും കൃമികടി അനുഭവിച്ചിട്ടില്ലാത്തവർ കുറവായിരിക്കും. കൃമിക്ക് പണ്ഡിത-പാമര-ധനിക-ദരിദ്ര ഭേദമില്ല. എല്ലാ ജീവിതാവസ്ഥകളിലുള്ളവരിലും ഇവരെക്കാണാം. ആരോഗ്യത്തിന് വലിയ തകരാറൊന്നും ഇവരെക്കൊണ്ട് സാധാരണ ഉണ്ടാകാറില്ല. നമ്മൾ തിന്ന ഭക്ഷണത്തിന്റെ പങ്ക് അടിച്ചുമാറ്റി തിന്നുസുഖിച്ച് നമ്മുടെ കുടലിൽ കഴിയുന്നു. കൃമികടിയാണ് ഇവരെക്കൊണ്ടുള്ള പ്രധാന ബുദ്ധിമുട്ട്. രാത്രി പെൺകൃമികൾ മുട്ടയിടാൻ മലദ്വാരത്തിന് പുറത്തേക്ക് വരുമ്പോഴുള്ള അസ്വസ്ഥതയാണ് നമ്മൾ പറയുന്ന കൃമികടി. ഈ മുട്ടയിടൽ തിരക്ക് പലർക്കും പല തരത്തിലാണ് അനുഭവപ്പെടുക. ചിലർക്ക് ഇക്കിളി, ചിലർക്ക് ചൊറിച്ചിൽ, മറ്റു ചിലർക്ക് കുഞ്ഞുവേദന ഇങ്ങനെയൊക്കെ".

ഒരുമാതിരിയുള്ള മരുന്നുകൾക്കൊന്നും കൃമിമുട്ടകളെ നശിപ്പിക്കാനാകില്ലെന്ന് ലേഖനം എടുത്തുപറയുന്നു. "കൃമികൾ നശിച്ചാലും മുട്ടകൾ വളർന്ന് കൃമിയാകും. അപ്പോഴേക്കും വീണ്ടും മരുന്നുകഴിക്കണം. വീട്ടിലെ എല്ലാ അംഗങ്ങളുടെയും ഉള്ളിൽ നിന്ന് കൃമികളെ പടിയടച്ച് പിണ്ഡം വച്ചാലേ കാര്യമുള്ളൂ".

പടിയടച്ച് പിണ്ഡം വയ്ക്കുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. സ്ഥാനത്തും അസ്ഥാനത്തും നിരന്തരം കടിച്ചുകൊണ്ടിരിക്കുന്ന ഈ കൃമികൾക്ക് അധികാരമോ സ്ഥാനമാനങ്ങളോ ഒന്നും കാണില്ല. അതുകൊണ്ടാണ് ഇവയെ പല്ലില്ലാത്ത കൃമികൾ എന്നുപറയുന്നത്. പറയുന്നതിൽ കാര്യമുണ്ടെന്ന മട്ടിൽ എഴുതുകയോ സംസാരിക്കുകയോ ചെയ്യുമെന്നല്ലാതെ ഇവരെക്കൊണ്ട് ഒന്നും നടക്കില്ലെന്നൊക്കെ നമുക്ക് തോന്നും. ഇവയുടെ കൂട്ടത്തിൽ ഭരണപരിഷ്കാര കമ്മീഷൻ അദ്ധ്യക്ഷസ്ഥാനത്തുള്ള, തൊണ്ണൂറ് കഴിഞ്ഞവർ മുതൽ മൂവാറ്റുപുഴ കെ.എസ്.ആർ.ടി.സി ബസ്സിൽ വച്ച് തല്ലുകിട്ടിയ അഞ്ചു വയസ്സുകാരൻ വരെയുണ്ട്. എന്തിനു പറയുന്നു, കരാറുകാർക്കും ഇടനിലക്കാർക്കും നമ്മുടെ സിൽബന്ധികൾക്കും കോടികൾ കിട്ടുമായിരുന്ന അതിരപ്പിള്ളി പദ്ധതിയിൽ നിന്ന് പിന്മാറേണ്ടി വന്നത് ഈ നിരന്തരമായുള്ള കൃമികടിയുടെ ഫലമല്ലേ. അവസാനമിതാ ആറു വർഷത്തോളമായുള്ള നിരന്തരമായ കൃമികടിയുടെ ഭാഗമായി ആറന്മുള വിമാനത്താ



വളവും ഉപേക്ഷിക്കേണ്ടി വന്നിരിക്കുന്നു. ഇവറ്റയിൽ നിന്നും രക്ഷപ്പെടാൻ ഒറ്റ മാർഗ്ഗമേയുള്ളൂ. അതാണ് ആത്മപരിശോധന. ശോധന മാത്രമാണ് രക്ഷ. നല്ല ശോധനയുണ്ടായാൽ പിന്നെ കൃമികൾക്ക് മുട്ടയിട്ട് പെരുകാനോ പല്ലില്ലാത്ത മോണവച്ച് കടിക്കാനോ സാധിക്കില്ല. അതുകൊണ്ട് നമ്മുടെ മുദ്രാവാക്യത്തിൽ 'ശോധന, ശോധന, ശോധന മാത്രം' എന്നുകൂടി ചേർക്കാവുന്നതാണ്.

ബംഗാളിലെ സഖാക്കൾ ശോധനയുടെ കാര്യത്തിൽ കാണിച്ച അലംഭാവം കൊണ്ടാണ് നന്ദിഗ്രാമും സിംഗൂരുമൊക്കെ ഇത്ര വഷളാകാൻ കാരണം. 34 കൊല്ലം തുടർച്ചയായി ഭരിച്ച സംസ്ഥാനം കൈപ്പിടിയിൽ നിന്നും ഊർന്നുപോയി. കാൽനൂറ്റാണ്ടുകൂടി കഴിഞ്ഞാലും അവിടെ ഒരു തിരിച്ചുവരവിനുള്ള സാദ്ധ്യത കാണുന്നില്ല. ഈയിടെ അന്തരിച്ച എഴുത്തുകാരി മഹാശ്വേതാദേവിയൊക്കെയായിരുന്നു അവിടെ അസ്വസ്ഥതയുണ്ടാക്കിയിരുന്ന വലിയ കൃമികൾ. അവർ നമ്മുടെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരളത്തിലും വന്നിരുന്നു. മൂലമ്പിള്ളിയിലെ കുടിയിറക്കപ്പെട്ടവരുടെ കാര്യത്തിലൊക്കെ അവർ ഇടപെടുകയുണ്ടായി. പിന്നീടൊരിക്കൽ, കൊല്ലപ്പെട്ട ടി.പി. ചന്ദ്രശേഖരന്റെ വീട്ടിൽ ശരീരമൊക്കെ നീരുവന്ന് വീർത്ത അവസ്ഥയിലും വീൽച്ചെയറിലിരുന്ന് എത്തുകയുണ്ടായി. ഇവരേയും ഇവരുടെ കൂട്ടരേയുമൊക്കെ കണ്ടാൽ തന്നെ നമ്മുടെ ശരീരമാകെ ചൊറിഞ്ഞുതുടങ്ങും. കേരളത്തിലെ എഴുത്തുകാർ സാമൂഹിക പ്രശ്നങ്ങളിൽ ഇടപെടുന്നില്ലെന്ന് പരാതിപ്പെട്ടിട്ടാണ് അവർ മടങ്ങിയത്. കേരളത്തിലെ എഴുത്തുകാരിൽ ഭൂരിഭാഗവും സാംസ്കാരിക രംഗത്തെ ചിയർഗേൾസും ബോയ്സുമാണെന്ന് അവർ അറിയാതെപോയി. അന്ന് സുകുമാർ അഴീക്കോട്, 'ബംഗാളത്തിൽ നിന്നും വന്ന ദേവി' ഇവിടുത്തെ എഴുത്തുകാരെ രാഷ്ട്രീയം പഠിപ്പേക്കേണ്ടെന്ന് നമ്മുടെ പത്രത്തിലെ പ്രതിവാര പംക്തിയിലൂടെ ഭീഷണിപ്പെടുത്തിയിരുന്നു. അഴീക്കോടിന്റെ പിന്നിൽ നിന്ന് അവർക്കെതിരെ ആക്രോശിക്കാൻ ഒരുപാട് എഴുത്താളന്മാർ അണിചേർന്നു. മുണ്ടുമാടിക്കുത്തി, മീശപിരിച്ച് മഹാശ്വേതയെ ഇവിടെ നിന്നും ഓടിച്ചുവിട്ട അന്നത്തെ സംഘത്തിന്റെ മുന്നിൽ നിന്നയാൾക്ക് ഇപ്പോൾ നമ്മൾ അക്കാദമിയുടെ പ്രസിഡന്റു കസേര കൊടുത്തിട്ടുണ്ട്. 'പാർട്ടിയാപ്പീസിൽ നിന്നുള്ള നിർദ്ദേശങ്ങളേ ഇവിടെ നടപ്പാക്കൂ' എന്ന് സ്ഥാനമേറ്റയുടൻ ഉരിയാടിയ ഒന്നിനെ അപ്പുറത്ത് സംഗീതനാടക അക്കാദമിയുടെ അമരത്ത് സ്ഥാപിച്ചിട്ടുണ്ട്. ഇവരിൽ നിന്നൊന്നും ഒരു വിധത്തിലുള്ള ചൊറിച്ചിലും ഉണ്ടാകില്ലെന്ന് മാത്രമല്ല, രണ്ട് കയ്യിലും പൂച്ചെണ്ട് പിടിച്ച് വീശിത്തരുകയുംചെയ്യും.

ബംഗാളിൽ സിംഗൂരിലെ നിർദ്ധന കർഷകരിൽ നിന്ന് ഒരു നടപടി ക്രമങ്ങളും പാലിക്കാതെ 997 ഏക്കർ ഭൂമി ബലമായി ഏറ്റെടുത്ത് ടാറ്റാ മോട്ടോർസിന് ചെറിയ കാറുകളുണ്ടാക്കുന്ന പദ്ധതിക്ക് വേണ്ടി കൈമാറ്റം ചെയ്ത ഏർപ്പാട് 10 വർഷത്തിന് ശേഷം സുപ്രീം കോടതി റദ്ദാക്കിയിരിക്കുകയാണ്. സർക്കാർ കർഷകർക്ക് നൽകിയ നഷ്ടപരിഹാരം പോലും തിരിച്ചുവാങ്ങരുതെന്നും 12 ആഴ്ചകൾക്കകം ഭൂമി കർഷകർക്ക് വിട്ടുനൽകണമെന്നും വിധിയിൽ പറയുന്നു. 'പത്ത് വർഷം കാത്തിരുന്നു. ഇനി എനിക്ക് സമാധാനമായി മരിക്കാം' എന്നാണ് വിധിയോട് മമത ബാനർജി പ്രതികരിച്ചത്. നാണക്കേടു മറയ്ക്കാൻ ഒരു കോണത്തിന്റെ തുണിക്കഷ്ണം പോലുമില്ലെങ്കിലും നമ്മൾ എന്തെങ്കിലും പറയേണ്ടേ? വിധിയെപ്പറ്റി പഠിച്ചതിന് ശേഷമേ പറയാൻ പറ്റൂ എന്നാണ് ടാറ്റാ മോട്ടോഴ്സ് അധികൃതർ അറിയിച്ചത്. നമുക്ക് പക്ഷെ അങ്ങനെ പറ്റില്ലല്ലോ. നമ്മുടെ മുഖമുദ്ര പതിഞ്ഞ ഒരു വാചകം നമ്മളും പറഞ്ഞു. "ഭൂമി ബലമായി ഏറ്റെടുത്തതിന് മാപ്പുപറയില്ല."

അവിടെയും നമുക്ക് ഇവിടുത്തെപ്പോലെ മൃഗീയ ഭൂരിപക്ഷമുണ്ടായിരുന്നു. ഇവിടുത്തെപ്പോലെ അവിടുത്തെ പ്രതിപക്ഷവും ദുർബലം. എന്നിട്ടെന്തായി....ഒരു മൺവെട്ടിയും പിടിച്ച് കോണാനുമുടുത്ത് നടക്കുന്ന കർഷകകൃമികളുടെ ശക്തി ആലോചിക്കുമ്പോൾ വല്ലാത്ത ഉൾക്കിടിലം അനുഭവപ്പെടുന്നു. അതുകൊണ്ട് പറഞ്ഞുവന്നത് എന്താണെന്നുവച്ചാൽ ആത്മ...ശോധന, അതെ, ആ ശോധന തന്നെയാണ് ശരണം.

**വാൽക്കഷ്ണം:**

അഷ്ടമി രോഹിണി ദിവസം വാർത്ത വായിക്കുന്നതിനിടയിൽ ഏഷ്യാനെറ്റിലെ വായനക്കാരിയായ ലക്ഷ്മി പത്മയ്ക്ക് കണ്ണൂരിലെ അമ്പാടിമുക്കിലെ ശോഭായാത്രയ്ക്കിടയിൽ നിന്നും അവരുടെ റിപ്പോർട്ടറെ ലൈനിൽ കിട്ടുന്നു. ആലോചിക്കാനൊന്നും സമയമില്ലാത്ത അവർ പെട്ടെന്ന് അറിയാതെ ഇങ്ങനെ ചോദിച്ചുപോയി "ശോഭായാത്ര നടത്തുന്നതിന് എന്തു വ്യാഖ്യാനമാണ് സി.പി.എം. ഇക്കുറി നൽകുന്നത്?" ■